# പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2578 06.02.2018 - ലെ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്.പി | | മറുപടി<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി) | ഇവർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ സ്ഥല സന്ദർശനവും തെളിവെടുപ്പും നടത്തുകയും കുറ്റക്കാരായി കാണുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്. |
| സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭീതിരഹിതമായി ജീവിക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ? | സി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളെ തടയാനായി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള നിയമ പരിരക്ഷയെ ക്കുറിച്ച് അവരെ ബോധവൽക്കരിച്ചും, പട്ടികജാതി |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചും, പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കൗൺസിലിംഗ് ക്ലാസ്സുകളും, ചികിത്സാ സഹായങ്ങളും ധനസഹായങ്ങളും നൽകിയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭീതിരഹിതമായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**